## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗര പ്രദേശത്ത് നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.210/2010/തസ്വഭവ തിരുവനന്തപുരം, തീയതി, 13/09/2010

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:-

### ഉത്തരവ്

നഗര പ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിന്, ഗ്രാമപ്രദേശത്ത് നടപ്പാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതി നടപ്പിലാക്കുമെന്നും അത് " അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി " എന്നായിരിക്കും അറിയപ്പെടുന്നതെന്നും 2010-11-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കപ്പെട്ട തൊഴിലുകൾക്ക് പുറമേ ശുചിത്വപരിപാലനവും, സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ വേണ്ടി നടത്തുന്ന സർവ്വേ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകുന്നതാണ്. കുടുംബത്തിന് 100 ദിവസത്തെ തൊഴിലിന് അർഹതയുണ്ടാവുന്നതിന് പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പോലെ വേതനം പ്രതിദിനം 125/- രൂപ തന്നെയാണ് ഈ പദ്ധതിയിലും നൽകുന്നത്. നഗരസഭാ തലത്തിൽ തയ്യാറാക്കി സംസ്ഥാനതലത്തിൽ അംഗീകാരം നൽകുന്ന ലേബർ ബഡ്ജറ്റിനെ അടിസ്ഥാനമാക്കിയായിരിക്കും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്. പ്രവൃത്തികളുടെ നടത്തിപ്പിനും പരിശോധനയ്ക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സംവിധാനത്തിന്റെ മാതൃക കണക്കിലെടുത്ത് രൂപപ്പെടുത്തുന്ന സംവിധാനം ഉണ്ടാകുന്നതാണ്.

പദ്ധതി നടത്തിപ്പിന്റെ സംസ്ഥാനതല ചുമതല സംസ്ഥാന തൊഴിലുറപ്പ് മിഷനിലും, മുനിസിപ്പൽ/കോർപ്പറേഷൻതലങ്ങളിൽ പദ്ധതിയുടെ എല്ലാതലത്തിലുമുള്ള നിർവ്വഹണ ചുമതല മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരിലും നിക്ഷിപ്തമായിരിക്കും. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെന്നപോലെ പ്രവൃത്തികളുടെ സംഘാടനം, ജോലി ചെയ്യുന്ന സ്ഥലത്തെ മേൽനോട്ടം എന്നിവ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ നടപ്പിലാക്കേണ്ടതാണ്.

മുകളിൽ വിവരിച്ച സംവിധാനത്തോടെയുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നവംബർ ഒന്ന് മുതൽ നടപ്പിലാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.സെൽ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും.
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ/ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
8. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
9. എല്ലാ പ്രോജക്റ്റ് ഡയറക്ടർ/ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും. ( ഗ്രാമവികസന കമ്മീഷണർ മുഖേന)
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
11. അക്കൗണ്ടന്റ് ജനറൽ (എ. & ഇ.), കേരള, തിരുവനന്തപുരം.
12. ജി.എ.(എസ്.സി.) വകുപ്പ്.
13. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ